# വിവാഹമംഗളങ്ങൾ

വിവാഹാവസരങ്ങളിൽ മംഗളപ്പാട്ടുകൾ വായിക്കു ന്ന പതിവ് നിർത്തൽ ചെയ്യുവാനായി 'വിവാഹ മംഗളബിൽ' എന്നൊരു ബിൽ എന്തുകൊണ്ടാണ് നമ്മുടെ നിയമനിർമ്മാണസഭകളിൽ അവതരിപ്പി ക്കാത്തത് ചില വിവാഹമംഗളക്കാർ വധൂവരന്മാരെ എന്തു കഴക്കിലാണു പെടുത്തുന്നത്! നിങ്ങളാലോ ചിച്ചുനോക്കിൻ! മി: രാമൻനായർ ശ്രീമതി ലക്ഷ്മി യമ്മയെ വിവാഹം ചെയ്യുന്ന ശുഭമുഹൂർത്തത്തിൽ അച്ചടിച്ച കടലാസുകളുടെ ഒരു കെട്ട് അതിഥികളു ടെ ഇടയിൽ വിതരണം ചെയ്യപ്പെടുന്നു. അവയിൽ ഒരു കടലാസ്സെടുത്ത് ഒരു കവി അരങ്ങത്തെത്തു ന്നു. മംഗളം തുടങ്ങുകയായി.

'രാമനെന്നുള്ളൊരു നൽപ്പേരു ചേർന്നുള്ള
നായരാംമാന്യൻതാനിദ്ദിനത്തിൽ
ലക്ഷ്മിയെന്നുള്ളൊരു മാന്യയാമമ്മയെ
ഭാര്യാപദത്തിലണച്ചീടുന്നു.
കേമനാണീ നായർ കേമിയാണീയമ്മ,
ആമോദമെന്തെന്തിതിന്നുമേലേ?
രാമൻതാനീ രാമൻ. ലക്ഷ്മിയാണീ ലക്ഷ്മി;
ഞാനഹോ ഞാൻ തന്നെ; നിങ്ങൾ നിങ്ങൾ.
മംഗളം മംഗളം മംഗളം മംഗളം
മംഗളം മംഗളം മംഗളം താൻ.'

ഇതെന്തൊരു കഷ്ടമാണ്! മംഗളമാശംസിക്കുമ്പോൾ തടയരുതല്ലോ എന്ന വിചാരിച്ച് ആരും ഒന്നും പറ യുകയില്ല. പരിശ്രമംകൊണ്ടു പച്ചുളിച്ച വരനും, ലജ്ജ കൊണ്ടു രക്തനനയായ വധുവും ഈ കവിതാപ്രവാ ഹത്തിനിടയിൽ തലകാട്ടിനില്ക്കുന്ന കാഴ്ച എത്രയും ദയനീയമെന്നേ പറയേണ്ടതുള്ളൂ. വിവാഹമംഗള ങ്ങൾ പേടിച്ച് സംബന്ധം തന്നെ വേണ്ടെന്നുവെ ക്കുന്ന ചെറുപ്പക്കാരും യുവതികളും ഉണ്ടെങ്കിൽ സഞ്ജയൻ അവരെ കുറ്റപ്പെടുത്തുകയില്ല. ഉദ്ദേശ്യം നന്നെന്നുവെച്ച് എത്രയാണ് ഒരാൾ സഹിക്കുക? കവികുഞ്ജരന്മാരേ, മംഗളദായകന്മാരേ, നിങ്ങൾ തന്നെ ഇക്കാര്യത്തിൽ ഒരു ദയചെയ്യണം. മംഗ ളം കൊടുത്തേ കഴിയൂ എന്ന നിങ്ങൾക്കു തോന്നു ന്നുണ്ടെങ്കിൽ അതു സ്വകാര്യമായി ചെയ്തേക്കിൻ. ഇതൊക്കെ കേട്ടുനില്ക്കുമ്പോഴുള്ള നെഞ്ഞിടിപ്പ് അനു ഭവിച്ചവരല്ലേ അറിയൂ.

9-1-1935

മറ്റു ചില നഗരങ്ങളിലുള്ളതുപോലെ രാത്രി എട്ടു മണിക്ക് സമയമറിയാനുള്ള ഒരു പീരങ്കിവെടി കോ ഴിക്കോട്ടും ഏർപ്പാടുചെയ്യാത്തതെന്താണെന്ന് ഒരു സഹജീവിയിൽ ഒരു ലേഖകൻ ചോദിച്ചിരുന്നു.

കൊതുകിന്റെ ശബ്ദത്തിനിടയ്ക്ക് അതു കേൾക്കുകയി ല്ലെന്നു കരുതീട്ടായിരിക്കുമെന്നു ഞങ്ങളൂഹിക്കുന്നു.

□

